കെ.എസ്.എ.കെ.ടി.എം. പി10/1187/2017 തീയതിഃ 03.08.2017

# കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.09.16 മുതൽ 30-6-17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 17.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ ആർ. | ഓഡിറ്റ്ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീമതി ജയകുമാരി അമ്മ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോർജ്ജുകുട്ടി ജോസഫ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ബേബിമോൾ എം. വർക്കി | 1-4-16 മുതൽ 31-3-17 വരെ |
| സെക്രട്ടറി | ശ്രീ.തോമസ് സെബാസ്റ്റ്യൻ (സെക്രട്ടറി ഇൻ ചാർജ്) | 1-4-16 മുതൽ 21-9-16 വരെ |
| | ശ്രീ.സി.പി.വേണുഗോപാൽ | 22-9-16 മുതൽ 31-3-17വരെ |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.തോമസ് സെബാസ്റ്റ്യൻ | 1-4-16 മുതൽ 31-3-17വരെ. |
| കൃഷി ഓഫീസർ | ശ്രീമതി ബിന്ദു റ്റി | 1-4-16 മുതൽ 31-3-17 വരെ. |
| അസി.എൻജിനീയർ | ശ്രീമതി രശ്മി എസ്. കുമാർ | 1-4-16 മുതൽ 31-3-17 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.കൃഷ്ണകുമാർ സി. ജെ. | 1-4-16 മുതൽ 31-3-17 വരെ. |
| വി.ഇ.ഒ | ശ്രീ.തോമസ് തോമസ് | 1-4-16 മുതൽ 31-3-17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സിന്ധു പി ജി | 1-4-2016 മുതൽ 10-8-16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയകുമാരി പി ബി | 1-4-16 മുതൽ 31.03.17 വരെ. |
| മെഡി.ഓഫീസർ (ആയുർവേദം) | ഡോ.ലൗലി ഫിലിപ്പ് | 1-4-16 മുതൽ 31-3-17വരെ |
| മെഡി.ഓഫീസർ (ഹോമിയോ) | ഡോ.സന്തോഷ് കുമാർ | 1-4-16 മുതൽ 31-3-17 വരെ. |
| മെഡി.ഓഫീസർ (അലോപ്പതി) | ഡോ.ഓമന | 1-4-16 മുതൽ 31-3-17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പ്രീതി രാജ് | 1-4-16 മുതൽ 31-3-17 വരെ. |

ഉള്ളടക്കം


| ഖണ്ഡിക നം. | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 - വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് |
| 2-3 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |

| | |
|---|---|
| 2-4 | അനധികൃത നിർമ്മാണം – തുടർനടപടികൾ പൂർത്തിയായിട്ടില്ല |
| 2-5 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല |
| 2-6 | സ്വകാര്യധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയില്ല. |
| 2-7 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-8 | ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല |
| 2-9 | ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | കാടമുറി നരസിംഹസ്വാമി ക്ഷേത്രക്കുളം നവീകരണം – സർക്കാർ നിബന്ധന പാലിച്ചില്ല |
| 3-2 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു |
| 3-3 | രസീത് വെൻഡിംഗ് മെഷീൻ വാങ്ങിയത് ക്രമപ്രകാരമല്ല |
| 3-4 | തെരുവു വിളക്ക് അറ്റകുറ്റപ്പണിക്ക് ഉപകരണങ്ങൾ വാങ്ങൽ – പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല |
| 3-5 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് – പഞ്ചായത്തിന് ബാധ്യത |
| 3-6 | ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങൽ – വിതരണം സുതാര്യമല്ല |
| 3-7 | വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു |
| 3-8 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്ന് നാളിതുവരെയും ലഭ്യമാക്കിയില്ല |
| 3-9 | നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമല്ല |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |

| | |
|---|---|
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |



## ഭാഗം 1

## പൊതു അവലോകനം

### 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.16 തിയതിയിലെ തീരുമാനം നമ്പർ ഒന്ന് പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 7317244.50 | 13672680 | 6355435.50 | |
| വരവ് | 79633000 | 59264580 | | 20368420 |
| ആകെ | 86950244.50 | 72937260 | | 14012984.50 |
| ചെലവ് | 81881000 | 53356274 | | 28524726 |
| നീക്കിയിരിപ്പ് | 5069244.50 | 19580986 | 14511741.50 | |

### 1-2 വാർഷിക ധനകാര്യപത്രിക.

2016-17 വർഷത്തെ വാർഷികകണക്കുകൾ 12-6-17-ാം തീയതി ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷികകണക്കുകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13672680 |
| വരവ് | 59264580 |
| ആകെ | 72937260 |
| ചെലവ് | 53356274 |
| നീക്കിയിരിപ്പ് | 19580986 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 14151736 | 13276655 | 875081 | 94 |
| വികസനഫണ്ട് എസ്.സി.പി. | 3780024 | 2609650 | 1170374 | 69 |
| വികസനഫണ്ട് ടി.എസ്.പി. | 369786 | 147540 | 222246 | 39 |
| സംരക്ഷണഗ്രാന്റ് റോഡ് | 5240550 | 1857692 | 3382858 | 35 |
| സംരക്ഷണഗ്രാന്റ്ഡ്നോൺറോഡ് | 3869521 | 2510780 | 1358741 | 65 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7936435 | 5378365 | 2558070 | 68 |
| പെർഫോമൻസ് ഗ്രാന്റ് | 4203004 | 3462518 | 740486 | 82 |
| എം.ജി.എൻ.ആർ.ഇ.ജി. എസ്. | 11332177 | 11325626 | 6551 | 99.95 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 59295537 | 117 | 34619953 | 7 | 53 | 66.10 |

| | | |
|---|---|---|
| ഡി.പി.സി.-അന്തിമാംഗീകാരം 2016-17 | : | 490/16/ഡിപിസി/ഡിപിഒ/കെറ്റിഎം തീയതി 24.5.17 |

നേട്ടങ്ങൾ

- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ചു.
- വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് നടത്തുകയും ഉപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തു.
- സ്കൂളുകളിൽ അതുല്യം പദ്ധതി നടപ്പിലാക്കി
- വിവിധ എൽ പി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി.
- വീട് പുനരുദ്ധാരണം,പുതിയ കിണർ നിർമ്മിക്കൽ,കക്കൂസ് നിർമ്മാണം(ഒ ഡി എഫ് ) എന്നീ പദ്ധതികൾ

നടപ്പിലാക്കി

കോട്ടങ്ങൾ

- ഉല്പാദനമേഖലയിൽ സമഗ്രമായ വളർച്ച കൈവരിയ്ക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ചില്ല.
- വി.ഇ.ഒ 1സ്പിൽ ഓവർ പ്രോജക്റ്റ് ഉൾപ്പെടെ 4 പ്രോജക്ടുകൾ മാത്രമാണ് നിർവഹണം നടത്തിയത്.
- തനതുഫണ്ട് വകയിരുത്തിയ ഭൂരിപക്ഷം പ്രോജക്ടുകളും നടപ്പാക്കിയില്ല. കൂടാതെ, മറ്റു ഫണ്ടുകളോടൊപ്പം തനതുഫണ്ടിൽ വകയിരുത്തിയ ഏതാനും പ്രോജക്ടുകളിൽ തനതുഫണ്ട് ആനുപാതികമായി ചെലവഴിച്ചില്ല.
- പ്ലാസ്റ്റിക് മാലിന്യ ലഘൂകരണപദ്ധതി നടപ്പിലാക്കിയില്ല.
- കാർഷിക ഉത്പാദനവർദ്ധനവിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയില്ല.
- കലാകായിക പ്രോൽസാഹനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയില്ല.
- ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചത് സുലേഖ പദ്ധതി ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 5040560 | 8983750 | 3943190 | 78.23 |
| നികുതിയേതര വരവുകൾ | 1374233 | 1393849 | 19616 | 1.43 |
| മറ്റുവരവുകൾ | 10238434 | 11259684 | 1021250 | 9.97 |
| ആകെ | 16653227 | 21637283 | 4984056 | 29.93 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 207000 | 126 |
| കർഷകതൊഴിലാളി പെൻഷൻ | 7656470 | 802 |
| വിധവാപെൻഷൻ | 7749080 | 663 |
| വാർദ്ധക്യകാലപെൻഷൻ | 18078645 | 1870 |
| വികലാംഗപെൻഷൻ | 2855945 | 303 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 46 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.7.17-ാം തീയതി 3 pm ന് കാഷ്യറുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21806/-രൂപ

ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വരവിനങ്ങളായ തൊഴിൽ നികുതി, വാടക, ഡി ആന്റ് ഒ എന്നിവയുടെ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട് വസ്തു നികുതിയിനത്തിൽ വൻ തുക കുടിശ്ശിക നില നില്ക്കുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ശ്രമിക്കേണ്ടതും, സർക്കാർ മാർഗനിർദ്ദേശങ്ങൾക്കു വിധേയമായി പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമിക്കേണ്ടതുമാണ്.

ജീവനക്കാരുടെ ശമ്പളം, ഭരണസമിതിയംഗങ്ങളുടെ ഓണറേറിയം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം, കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ, തുടങ്ങിയവയാണ് പ്രധാന റവന്യൂ ചെലവിനങ്ങൾ. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ മാസക്രമത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്ററിൽ ബിൽ നമ്പരും വൗച്ചർ നമ്പരും രേഖപ്പെടുത്തുന്നുണ്ട്. ലേലരജിസ്റ്റർ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട ഇതര രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/5/17-25/5/17 | 3/17,4/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/11/2013-25 /11/2013 | 2008-09 മുതൽ 2012-13 വരെ | LBA(HQ) 11/8A2037/32 dtd 4.2.14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

26.07.2011ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി യിലെ നിർദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 2-2 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിലുള്ളതും കെ.വി ഏബ്രാഹാം, വള്ളിക്കാട്ട് തെക്കേക്കര എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതുമായ 414/A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതിനിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും നേരിൽ കണ്ടതിലും കെട്ടിടത്തിന്റെ ഉപയോഗക്രമം സൂപ്പർമാർക്കറ്റ് എന്നതാണെന്ന് ബോധ്യപ്പെട്ടു. വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റിന് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിരിക്കുന്ന അടിസ്ഥാനവസ്തുനികുതിനിരക്ക് ച.മീറ്ററിന് 80/- രൂപയാണ്. എന്നാൽ 438ച.മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റിന് ബാധകമായ അടിസ്ഥാനവസ്തുനികുതിനിരക്ക്, (ച.മീറ്ററിന് 50 രൂപ) നൽകി 2014-15 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തറവിസ്തീർണ്ണം (ച.മീറ്റർ) | ഈടാക്കിയ നികുതി (രൂപ) | ഈടാക്കേണ്ട നികുതി (രൂപ) | കുറവ്(രൂപ) |
|---|---|---|---|
| 438 | 438x50=21980+4380 (20% | 438x80 =35040+7008(20% | 15768/- |

| | | | |
|---|---|---|---|
| | വർദ്ധനവ്-റോഡ്) =26280/- | വർദ്ധനവ്-റോഡ്) =42048/- | |
| 2014-15 ,2015-16, 2016-17 വർഷങ്ങളിലെ ആകെ കുറവ് | | | 15768 x 3 = 47304/- |

വസ്തുനികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.1)മറുപടിയിൽ നികുതിനിർണയം പുനപരിശോധിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 2-3 കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അഞ്ചാം വാർഡിലുള്ളതും വി.കെ വർഗീസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതുമായ 93/A നമ്പർ കെട്ടിടത്തിനെ (തറവിസ്തീർണം-276 ച.മീ) വിദ്യാഭ്യാസസ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 5/- രൂപ അടിസ്ഥാനനികുതിനിരക്കിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. ഈ കെട്ടിടത്തിന്റെ കോമ്പൗണ്ടിലുള്ള വിദ്യാഭ്യാസസ്ഥാപനത്തിന്റെ വിശദാംശങ്ങൾ, അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.2) മറുപടിയിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും സ്ഥിതിചെയ്യുന്നില്ലെന്നും നികുതി പുനർനിർണ്ണയിച്ച് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച്, ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-4 അനധികൃത നിർമ്മാണം -തുടർനടപടികൾ പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പതിമൂന്നാം വാർഡിലുള്ള വർഗീസ് ,കളത്തിൽ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള 182.78ച.മീറ്റർ തറ വിസ്തീർണമുള്ള കെട്ടിടത്തിനെ യു.എ നമ്പർ നൽകിയ കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. 2016-17 വർഷം യു.എ പ്രകാരമുള്ള നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം.8) മറുപടിയിൽ വസ്തുനികുതി എന്നുമുതൽ ചുമത്തണമെന്നതിനെപ്പറ്റി വ്യക്തതയില്ലാത്തതിനാൽ സ്പഷ്ടീകരണത്തിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നികുതി അന്തിമമായി കണക്കാക്കിയിട്ടില്ലാത്തതാണെന്നും വിശദീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിശദാശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ബി എസ് എൻ എൽ | 2016-17 ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | എസ് ബി റ്റി,തോട്ടയ്ക്കാട് ശാഖ | 2016-17 ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | മിനി മുത്തൂറ്റ് ഫൈനാൻസിയേഴ്സ് | 2016-17 രണ്ടാം അർദ്ധവർഷം |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/ 14.7.17) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും,

**<u>സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയില്ല.</u>**

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കടന്തോട്ട് ചിറ്റ്സ് ഫണ്ട്സ് ,ഞാലിയാകുഴി |
| 2 | ഉള്ളാട്ട് ബാങ്കേഴ്സ്,അമ്പലക്കവല, തോട്ടയ്ക്കാട്. |
| 3 | കരപ്പാറ ബാങ്കേഴ്സ്,ഞാലിയാകുഴി |
| 4 | മംഗലത്ത് ഫൈനാൻസ്,ഞാലിയാകുഴി |
| 5 | കുളത്തുങ്കൽ ഫൈനാൻസിയേഴ്സ്,ഞാലിയാകുഴി |
| 6 | ദീപാ ഫൈനാൻസ്,തോട്ടയ്ക്കാട്. |
| 7 | ആശാരിപ്പറമ്പിൽ ഫൈനാൻസ്,തോട്ടയ്ക്കാട്. |
| 8 | സൗത്ത് ഇൻഡ്യൻ ഫൈനാൻസ്,തോട്ടയ്ക്കാട്. |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/15.7.17) ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കുകയുണ്ടായി.ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.</u>

2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ കോൺട്രാക്ട് പ്രവൃത്തികൾ ചെയ്ത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോൺട്രാക്ടരുടെ പേര് |
|---|---|
| 1 | അജി ജോസഫ്, കണ്ണൻചിറ, ഇരവുചിറ |
| 2 | ജ്യവൽഷാ സുരേഷ്, ആലപ്പാട്ട്, വാകത്താനം |
| 3 | ജേക്കബ് കുരുവിള, പൂവത്തുംമൂട്ടിൽ, പുത്തൻചന്ത |
| 4 | ഒലിവ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പേഴ്സ്, വാകത്താനം |
| 5 | ബെഞ്ചി റ്റി പുന്നൂസ്, തടത്തിൽ, വാകത്താനം |
| 6 | ഷിബു പി ഐപ്പ്, പൂവത്തുംമൂട്ടിൽ, പുത്തൻചന്ത |
| 7 | വർഗ്ഗീസ് കുര്യൻ, കുളത്തുങ്കൽ, ഇരവുചിറ |
| 8 | റ്റി കെ കുര്യൻ, തഴക്കാട്, മേമ്മുറി |

മേൽ പരാമർശം സംബന്ധിച്ചനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/14.7.17) കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന്

അറിയിക്കുകയുണ്ടായി. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ / ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എം ജോർജ് | ക്ലാസിക് വീനിയേഴ്സ് | 06 |
| 2 | കിരൺ പി കുര്യൻ | അലയൻസ് ഇൻഡേൻ സർവ്വീസസ് | 05 |
| 3 | ഗ്രേസി സാബു | ഗ്രേസ് ബ്ലോക്സ് | 30 |
| 4 | ജിജി ജോർജ് | ക്വാളിറ്റി വീനിയേഴ്സ് | 07 |
| 5 | രാജേഷ് എസ് എസ് | അനുഗ്രഹ ഫുഡ് പ്രോഡക്ട്സ് | 08 |
| 6 | പ്രസാദ് പി നൈനാൻ | ഡിലീഷ്യ ഫുഡ് ഇൻഡസ്ട്രീസ് | 09 |
| 7 | എം യു തങ്കച്ചൻ | മുഴിപ്പാറ ഹോളോബ്രിക്സ് | 06 |

മേൽപരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/14.7.2017) സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും, ഡി & ഒ ലൈസൻസ് അപേക്ഷകളിൻമേൽ അന്വേഷണം നടത്തി മറ്റു സ്ഥാപനങ്ങളിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടേയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-9 ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ സ്ഥാപനരജിസ്റ്റർ പ്രകാരം 431 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2016-17 സാമ്പത്തികവർഷം 314 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ചത്. ആയതിൽ നിന്നും ഡി & ഒ ലൈസൻസില്ലാതെ 2016-17 സാമ്പത്തികവർഷം സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കുന്നേൽ ഫ്യൂവൽസ് (ഐ ഒ സി ഡീലർ) എന്ന സ്ഥാപനം 2016-17 സാമ്പത്തികവർഷം ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്നതായും, ടി സ്ഥാപനത്തിൽ നിന്നും 2016-17 സാമ്പത്തികവർഷം സ്ഥാപനതൊഴിൽനികുതിയും, ജീവനക്കാരുടെ തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നും ലൈസൻസ് സംബന്ധമായും, തൊഴിൽനികുതി സംബന്ധമായുമുള്ള രജിസ്റ്ററുകളും, രേഖകളും പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/14.7.17) ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമപരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൻമേൽ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കുന്നേൽ ഫ്യൂവൽസ് (ഐ ഒ സി ഡീലർ) എന്ന സ്ഥാപനം നിയമപരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും, ടി സ്ഥാപനത്തിൽ നിന്നും സ്ഥാപനതൊഴിൽനികുതിയും, ജീവനക്കാരുടെ തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത്

ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-10 വാടക ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെകൊടുത്തിട്ടുള്ള വാടകക്കാർ വാടകയിൽ കുടിശ്ശിക വരുത്തിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക(രൂ.) | വാടക കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 8/165B | മാവേലി സ്റ്റോർ | 891 | 2/17&3/17 |
| 2 | 18/76 | രജനി പുതുപ്പറമ്പിൽ | 368 | 7/16 – 3/17 |
| 3 | | ഫിഷ് മാർട്ട് (തറ വാടക) | 656 | 3/17 |

വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാടമുറി നരസിംഹസ്വാമി ക്ഷേത്രക്കുളം നവീകരണം -സർക്കാർ നിബന്ധന പാലിച്ചില്ല.

പ്രോജക്ട് നമ്പർ -23/17

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ- 3000000/-

ചെലവ് -2584474/- (ചെക്ക് നം. 6296661 തീ.18.08.2016 )

കരാറുകാരൻ - സാബു സെബാസ്റ്റ്യൻ

അളവുപുസ്തകംനമ്പർ --40/15-16

എഗ്രിമെന്റ് നമ്പർ- 90/AE/LSGD/VKM/15-16 Dt.03-10-2015

കേരളത്തിലെ വിവിധ ജില്ലകളിലെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങളുടെയും കാവുകളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണപദ്ധതി പ്രകാരം തുക അനുവദിച്ചതിൽ വാകത്താനം ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലുള്ള സ്വകാര്യക്ഷേത്രമായ കാടമുറി നരസിംഹസ്വാമി ക്ഷേത്രത്തിന്റെ കുളം പുനരുദ്ധാരണത്തിനായും 26.11.2014 ലെ സ.ഉ (സാധാ) നം.5880/2014/ആർ.ഡി പ്രകാരം 3000000/- രൂപ അനുവദിച്ചിരുന്നു. ഈ ഉത്തരവിൽ ജി.ഒ(കൈ)നം.185/2014/ആർ.ഡി തീയതി 09.05.2014 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം തുക ചെലവഴിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട സർക്കാർ നിബന്ധനകളിലെ ലംഘനങ്ങളും മറ്റും 17.07.2017ലെ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് സെക്രട്ടറി

ലഭ്യമാക്കിയ മറുപടിയും രേഖകളും പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ നിർവഹണരീതി നിശ്ചയിച്ചതിൽ മാർഗ്ഗരേഖ ലംഘനം

മേൽപ്പറഞ്ഞ ഉത്തരവിലെ ക്രമനം. 14-ാമതായുള്ള നിബന്ധന പ്രകാരം, ഈ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുത്ത സ്വകാര്യക്ഷേത്രങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ ബിൽ തുക തദ്ദേശസ്വയംഭരണ മേധാവി പണമാക്കി ഇതിന് വേണ്ടി ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കുന്ന മുറയ്ക്ക് ക്ഷേത്രഅഡ്വൈസറി കമ്മറ്റി/ബെനിഫിഷ്യറി കമ്മറ്റിയെ ഏൽപ്പിക്കേണ്ടതാണെന്നും പണി നടത്തിക്കുന്നതിനുള്ള ചുമതല അതാത് ക്ഷേത്രങ്ങളോട് ചേർന്നുള്ള ക്ഷേത്രഅഡ്വൈസറികമ്മറ്റി/ ബെനിഫിഷ്യറി കമ്മറ്റിക്കും ആയിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രോജക്റ്റിന്റെ നിർവഹണത്തിൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. മാത്രമല്ല റവന്യൂ(ദേവസ്വം) സെക്രട്ടറി കൗണ്ടർസൈൻ ചെയ്ത ബില്ലിൽ തുക പണമാക്കുന്നത് ഗുണഭോക്തൃസമിതിക്ക് നൽകുന്നതിനാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിൽ ക്ഷേത്രാചാരങ്ങൾ കൂടി പാലിക്കണമെന്നുള്ളതു കൊണ്ടാണ് പ്രവൃത്തി ക്ഷേത്രോപദേശക സമിതി/ഗുണഭോക്തൃ സമിതിയെ എൽപ്പിക്കേണ്ടതാണെന്ന് നിബന്ധനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ പ്രവൃത്തിയുടെ അടങ്കൽ 5 ലക്ഷം രൂപയിൽ അധികരിച്ചതിനാലാണ് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചതെന്നുള്ള സെക്രട്ടറിയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. പ്രവൃത്തിയുടെ നിർവ്വഹണരീതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനയിൽ ക്ഷേത്ര ഉപദേശകസമിതി/ഗുണഭോക്തൃ സമിതി അല്ലാതെ പ്രവൃത്തി ഏറ്റെടുക്കാമെന്ന് പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇപ്രകാരം ഇ-ടെണ്ടർ നടപടികളിലൂടെ കരാറുകാരന് പ്രവൃത്തിയുടെ നിർവഹണചുമതല നൽകിയത് മാർഗ്ഗരേഖയുടെ വ്യക്തമായ ലംഘനമാണ്. മാത്രമല്ല ഇത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം തേടിയതായും കാണുന്നില്ല.

2.ക്ഷേത്രക്കുളം ക്ഷേത്രത്തിന്റെ അധീനതയിലുള്ളതാണെന്നത് സംബന്ധിച്ച ആധികാരിക രേഖകൾ ലഭ്യമാക്കിയിട്ടില്ല

സർക്കാർ നിബന്ധനകളിലെ 8-ാമത്തെ ഖണ്ഡിക പ്രകാരം കുളം ഏതെങ്കിലും ക്ഷേത്രത്തിനോട് ചേർന്നതാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന തലവൻ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാക്കിയിരുന്നില്ല. സ്ഥലപരിശോധനയിൽ കുളം സ്ഥിതിചെയ്യുന്നത് ക്ഷേത്രത്തിന്റെ കോമ്പൗണ്ടിന് വെളിയിൽ ഏകദേശം 100 മീറ്റർ അകലെയാണെന്ന് വ്യക്തമായി. ഈ സാഹചര്യത്തിൽ കുളത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും കുളം ക്ഷേത്രത്തിന്റെ അധീനതയിലുള്ളതുമാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിനെ തുടർന്ന് ഹാജരാക്കിയ കരം ഒടുക്കിയ രസീതിന്റെ പകർപ്പ് പരിശോധിച്ചതിൽ പ്രസിഡന്റ്, കാടമുറി ദേവസ്വം ഊരാണ്മ എന്ന പേരിൽ കരം ഒടുക്കിയതായി കാണുന്നു. എന്നാൽ പ്രത്യേക ധനസഹായത്തിനുള്ള അപേക്ഷ നൽകിയിട്ടുള്ളത് കാടമുറി ദേവസ്വം മാനേജർ ശ്രീ.കൃഷ്ണൻ നമ്പൂതിരിയാണ്. ആയതിനാൽ കുളം സ്ഥിതി ചെയ്യുന്ന സ്ഥലം ക്ഷേത്രം വക പൊതു ഉടമസ്ഥതയിലുള്ളതാണോയെന്ന് ഓഡിറ്റിൽ ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല.

3.മറ്റ് അപാകതകൾ

1. മേൽപ്പറഞ്ഞ നിബന്ധനകളിലെ 7-ാമത്തെ നിബന്ധന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന മേധാവി അംഗീകരിച്ച് നൽകേണ്ടതായ ശുപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിച്ച എസ്റ്റിമേറ്റ്, ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സർക്കാർ അംഗീകരിച്ച് നൽകുന്ന പ്രവൃത്തി മാത്രമേ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് നിബന്ധനയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ സർക്കാർ അംഗീകരിച്ച് നൽകിയ പ്രവൃത്തി ഏതെന്ന് വ്യക്തമല്ല.
2. പദ്ധതിയുടെ പുരോഗതി തദ്ദേശസ്വയംഭരണ സ്ഥാപന മേധാവി വിലയിരുത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
3. സർക്കാർ നിബന്ധനകളിലെ ക്രമനം. 11 പ്രകാരം, വിനിയോഗം കഴിഞ്ഞ് ബാക്കി തുക ലഭ്യമാണെങ്കിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. 415626/- രൂപ നിലവിൽ ഈ പ്രോജക്റ്റിന് വേണ്ടി ആരംഭിച്ച അക്കൗണ്ടിൽ അവശേഷിക്കുന്നു.
4. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുണ്ടായിരുന്ന കുളത്തിന്റെ അവസ്ഥയെപ്പറ്റി പരാമർശിച്ചിട്ടില്ല. പുനരുപയോഗിക്കാവുന്ന സാധനങ്ങൾ ഉണ്ടായിരുന്നോയെന്ന് വ്യക്തമല്ല. ഇത് സംബന്ധമായ മറുപടിയിൽ, നിലനിന്നിരുന്ന ക്ഷേത്രക്കുളം കാട്ടുകല്ലുകൾ പാകിയതും കാട്ടുപടലങ്ങൾ മൂടി

ജീർണ്ണാവസ്ഥയിലുള്ളതുമായിരുന്നെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം വസ്തുതകൾ പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുൻപ് എസ്റ്റിമേറ്റ് റിപ്പോർട്ടിലൂടെ വിശദീകരിക്കാത്തതിനാൽ നിജസ്ഥിതി ഓഡിറ്റിൽ വ്യക്തമായിട്ടില്ല. പ്രവൃത്തിയുടെ സൈറ്റിൽ നിന്നും എസ്കവേറ്റ് ചെയ്ത 291.8225 ഘ.മീറ്റർ മണ്ണിൽ 242.31 ഘ.മീറ്റർ (10% കൺസോളിഡേഷന് ശേഷം) ഫില്ലിംഗിനായി ഉപയോഗിച്ചതിന് പുറമെ കരാറുകാരൻ സ്വന്തം നിലയിലെത്തിച്ച 127.04 ഘ.മീറ്റർ (10% കൺസോളിഡേഷന് ശേഷം) മണ്ണ് ഉപയോഗിച്ചിട്ടുണ്ട്. ഇപ്രകാരം 369.35 ഘ.മീറ്റർ മണ്ണ് ഫില്ലിംഗിനായി ഉപയോഗിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കാണുന്നുണ്ടെങ്കിലും സൈറ്റ് പൊതുവായി പരിശോധിച്ചതിൽ ഇപ്രകാരമുള്ള ഫില്ലിംഗിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടില്ല. ഫില്ലിംഗ് ഏരിയ സംബന്ധിച്ച കൂടുതൽ സാങ്കേതിക പരിശോധന ആവശ്യമാണ്. കാടമുറി ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ക്ഷേത്രക്കുളം, ഭക്തജനങ്ങൾക്ക് പൊതുവായി ഉപയോഗിക്കുന്നതിനുള്ള അനുമതിയെന്ന് ചുരുങ്ങിയ വാചകങ്ങളിലുള്ള ഒരു കത്ത് കാടമുറി ദേവസ്വം അധികൃതർ 4.3.13ൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയതായി കാണുന്നു. ചുരുങ്ങിയ വാചകങ്ങളിലുള്ള കത്ത് മാത്രമാകയാൽ ഇതിന് നിയമസാധുത ഉള്ളതായി കാണുന്നില്ല. ആയതിനാൽ ഈ ക്ഷേത്രക്കുളം ഭക്തജനങ്ങൾ ഉപയോഗിക്കുന്നതാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ക്ഷേത്രക്കുളം ഉപയോഗിക്കുന്ന ഭക്തജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കാത്ത ഒരു നിർമ്മിതിക്കുവേണ്ടിയാണ് സർക്കാർ ഫണ്ടിൽ നിന്നും പണം ചെലവഴിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 25,84,474/- രൂപ ചെലവഴിച്ചിട്ടും കുളം നവീകരണം ലക്ഷ്യമിട്ട പ്രകാരം പൂർത്തിയായിട്ടുമില്ല. മേൽ പറഞ്ഞിട്ടുള്ള അപാകതകളാൽ ഈ പ്രോജക്റ്റിന് വേണ്ടി ചെലവഴിച്ച 25,84,474/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 സബ്സിഡി മാർഗ്ഗരേഖയ്ക്കുവിരുദ്ധമായി തുക ചെലവഴിച്ചു.

സെക്രട്ടറി നിർവ്വഹണം നടത്തിയ യുവജനക്ഷേമം-പന്തുകളി പ്രോത്സാഹനം(പ്രോജക്റ്റ് നം.s0042/17)എന്ന പ്രോജക്റ്റിനായി 50000 രൂപ വകയിരുത്തിയതിൽ 43740/- രൂപ ബിൽ നം.22/16-17/13.3.17 പ്രകാരം ചെലവഴിച്ചു. സന്തോഷ് ലൈബ്രറി വള്ളിക്കാട് പുത്തൻചന്തയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നാടൻ പന്തുകളി മത്സരത്തിന് സാമ്പത്തിക സഹായം നൽകുന്നതിനായി പ്രോജക്റ്റ് തയ്യാറാക്കി. 11.1.17ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം (തീരുമാനം നം.21) 10000 രൂപയിൽ അധികരിക്കാത്ത തുക സഹായമായി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ടീമംഗങ്ങൾക്ക് സാധനങ്ങൾ (ജേഴ്സി, പന്ത്, ലഘുഭക്ഷണം) വാങ്ങുന്നതിനായി തുക ചെലവഴിച്ചു. എന്നാൽ, മാർഗ്ഗരേഖയിൽ ടി പ്രോജക്റ്റ് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണെന്ന് പ്രതിപാദിച്ചിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്റ്റ് നടപ്പാക്കിയതിനും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിലധികരിച്ച് ചെലവു ചെയ്തതിനാലും 43740/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 രസീത് വെൻഡിംഗ് മെഷീൻ വാങ്ങിയത് ക്രമപ്രകാരമല്ല.

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രി വികസനം എന്ന പ്രോജക്റ്റിനായി മെയിന്റനൻസ് ഫണ്ട് 35650രൂപ വകയിരുത്തി (പ്രോജക്റ്റ് നം.101/17). കന്നുകുട്ടി പരിപാലനത്തിന് രസീത് നൽകുന്ന ആവശ്യത്തിനായി രസീത് വെൻഡിംഗ് മെഷീൻ, ഓഫീസ് ആവശ്യത്തിന് ഫർണ്ണിച്ചർ എന്നിവ വാങ്ങുന്നതിനായി ബിൽ നം.4/16-17/1.3.17 പ്രകാരം 35630 രൂപ ചെലവഴിച്ചിട്ടുണ്ട്. രസീത് വെൻഡിംഗ് മെഷീൻ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ ടെണ്ടർ നിരക്ക ക്വോട്ടുചെയ്ത സോഫ്റ്റ് ലാന്റ് ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും Palmtec Plutonia-Hand held Terminal with Dot Matrix Printer 1 എണ്ണം 10000/- രൂപയ്ക്ക് (9523.81 + 476.19 (VAT(5%)) വാങ്ങിയിട്ടുണ്ട്. പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ ചുവടെക്കൊടുക്കുന്നു.

1. SLBPഅഡീഷണൽ ഡയറക്ടറുടെ 25.4.16ലെ നമ്പർ സി-625/2016 നിർദ്ദേശപ്രകാരം പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ഹാൻഡ് ഹെൽഡ് ബില്ലിംഗ് മെഷീൻ വാങ്ങാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഉപയോഗിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.
2.സ്ഥാപനങ്ങളുമായി (സോഫ്റ്റ് ലാന്റ് ഇൻഡ്യ ലിമിറ്റഡ്,കണ്ടത്തിചിറയിൽ)കരാർ വച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക്(നം.3), കോൺഫറൻസുകളിൽ നിർദ്ദേശിച്ചതനുസരിച്ചാണ് വാങ്ങൽ നടത്തിയത് എന്നും അറിയിപ്പ് ലഭിക്കാത്തതിനാലുമാണ് ഫണ്ട് ഉപയോഗിക്കുന്നതിൽ വ്യത്യാസമുണ്ടായത് എന്നും മറുപടി ലഭ്യമാക്കി. കരാർ ചമയ്ക്കാത്തതിനാലും ഫണ്ട് വകമാറ്റി ചെലവഴിച്ചതിനാലും ടിയിനത്തിൽ ചെലവഴിച്ച 10000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 തെരുവു വിളക്ക് അറ്റകുറ്റപ്പണിക്ക് ഉപകരണങ്ങൾ വാങ്ങൽ- പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി (പ്രോജക്റ്റ് നം.105/16-17)600000 രൂപ വകയിരുത്തിയതിൽ 598500 രൂപ ബിൽ നം.18/16-17/15.2.17 പ്രകാരം പിൻവലിച്ച് ചെലവഴിച്ചു. ഉപകരണങ്ങൾ വാങ്ങുന്നതിന് ഹന്ന ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. സപ്ലൈ ഓർഡർ പ്രകാരമുള്ള ഉപകരണങ്ങൾ സ്ഥാപനം പഞ്ചായത്തിൽ ലഭ്യമാക്കി. എന്നാൽ, പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വാങ്ങിയ ഉപകരണങ്ങൾ എല്ലാം വിതരണം ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക്

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.9) ഓരോ വാർഡുകളിലെയും ആവശ്യമനുസരിച്ച് വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തുവരുന്നതായും വിതരണം ചെയ്യാനവശേഷിക്കുന്നവ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കയാണ് എന്നും മറുപടി ലഭ്യമാക്കി. പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതും വാങ്ങിയ ഉപകരണങ്ങൾ എല്ലാം വിതരണം ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-5 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-പഞ്ചായത്തിന് ബാധ്യത

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കൺസ്യൂമർ നം.2438 പ്രകാരം എല്ലാ മാസവും 113647/- രൂപ വീതം അടവാക്കുന്നുണ്ട്. ജി.ഒ(എം.എസ്)34/2003/പി.ഡി/2.12.2003 പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ മീറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല. തെരുവുവിളക്കുകൾക്കു മീറ്റർ ഘടിപ്പിച്ച് വൈദ്യുതി ചാർജ്ജിനത്തിലെ അധികച്ചലവ് ഒഴിവാക്കേണ്ടതാണ്.

## 3-6 ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങൽ-വിതരണം സുതാര്യമല്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ ഗ്രന്ഥശാല ധനസഹായ പദ്ധതി പ്രകാരം (പ്രോജക്ട് നം.38/17) ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ആവശ്യമായ പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനായി 100000/- രൂപ വകയിരുത്തി ചെലവഴിച്ചു (ബിൽ നം.40/16-17/31.3.17) അസൻഡ് പബ്ലിക്കേഷൻസിൽ നിന്നും 249 പുസ്തകങ്ങൾ വാങ്ങിയതിന്റെ വിലയായ 100000/- രൂപ സ്ഥാപനത്തിന് നൽകി. എന്നാൽ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്കാണ് പുസ്തകങ്ങൾ നൽകിയതെന്ന് വ്യക്തമല്ല. വാങ്ങിയ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഏതൊക്കെ ലൈബ്രറിക്ക് എത്ര പുസ്തകങ്ങൾ വീതം വിതരണം ചെയ്തിട്ടുണ്ട് എന്ന് സ്റ്റോക്കു രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 8 ലൈബ്രറികൾ പുസ്തകം കൈപ്പറ്റിയതായി പറയുന്നെങ്കിലും എത്ര പുസ്തകങ്ങൾ കൈപ്പറ്റിയെന്ന് രസീതിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് (നം.11) താൽക്കാലിക രസീതാണ് ലഭ്യമാക്കിയത് എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ, ടിയിനത്തിൽ ചെലവുചെയ്ത 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്, ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പ്രത്യക ഉദ്ദേശത്തിനായി ലഭിച്ച താഴെപ്പറയുന്ന തുകകൾ നിലവിലും ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ലഭിച്ച തീയതി / തുക | നിലവിലെ ബാലൻസ് |
|---|---|---|
| ശുചിത്വമിഷൻ(ഉറവിടമാലിന്യസംസ്കരണം) | 4/13 – 879052/- | 303877/- |
| സമ്പൂർണ്ണ ശുചിത്വം | 3/2011- 330000/- | 122800/- |
| പൈക്ക പ്രൈസ് മണി | 8/2014 24000/- | 24000/- |

തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നതാണ്. തുക തിരിച്ചടയ്ക്കാത്ത പക്ഷം പലിശയിനത്തിലുള്ള ബാദ്ധ്യതയും പഞ്ചായത്ത് വഹിക്കേണ്ടി വരും. പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-8 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്ന് നാളിതുവരെയും ലഭ്യമാക്കിയില്ല.

പ്രോജക്ട് നം: S0077/16

(ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ)

ആകെ അടങ്കൽ- 100000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

വാകത്താനം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മാനേജിങ് ഡയറക്ടർ HOMCO ആലപ്പുഴയ്ക്ക് ഡി.ഡി. നം.330849 തിയതി. 02.02.2017 പ്രകാരം 100000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി (17.07.2017) വരെ മരുന്ന് ഡിസ്പെൻസറിയിൽ ലഭ്യമായിട്ടില്ല. HOMCO-ൽ നിന്നും എത്രയും വേഗം മരുന്ന് ലഭ്യമാക്കാൻ വേണ്ടനടപടികൾ സ്വീകരിക്കേണ്ടതും എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.

തൻവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിലും തുക നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിച്ചതിന്റെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രോജക്ട് നം,/പേര് | ഒടുക്കിയ തുക(രൂപ) | ബിൽനം./ ഡി.ഡി.നം./ തീയതി | നിക്ഷേപിച്ച സ്ഥാപനം/ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | കന്നുകുട്ടി പരിപാലന പദ്ധതി(വനിത) – 99/17 | 228600 (വി.ഫണ്ട്) 2650(തനതുഫണ്ട്) | 330634/ 6.2.17 254674/ 2.2.17 | അസി.ഡയറക്ടർ,കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം | വെറ്ററിനറി സർജൻ |
| 2 | ഐ.എ.വൈ ഭവനം-അധിക വിഹിതം-എസ്.സി.പി-206/17 | 325000 | 24/16-17/ 25.3.17 | ബ്ലോക്ക് പഞ്ചായത്ത്,പള്ളം. | അസി.സെക്രട്ടറി |
| 3 | എസ്.എസ്.എ വിഹിതം – 34/17 | 700000 | 329983/ 25.10.16 | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കോട്ടയം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി. |
| 4 | സമ്പൂർണ്ണ വൈദ്യുതീകരണം -205/17 | 50000 | 23/16-17/ 13/03/2017 | എക്സിക്യൂട്ടീവ് എൻജിനീയർ , പള്ളം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 5 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – 103/17 | 545825 | 19/16-17/ 28.2.17 | അസി.എൻജിനീയർ, കെ.എസ്.ഇ.ബി.മീനടം (146390രൂ). അസി.എൻജിനീയർ, കെ.എസ്.ഇ.ബി. തെങ്ങണ.(58438രൂ) അസി.എൻജിനീയർ, കെ.എസ്.ഇ.ബി. (294184+46903രൂ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| | ആകെ | 1852075 | | | |

മേൽ പ്രോജക്ടുകൾക്കായി നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 250000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | - |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | വൈദ്യുത തൂണുകൾ മാറ്റൽ | 21600907 | 545825 | - | 545825 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| E.M.S ഭവന വായ്പ | സ.ഉ.(ആർ.ടി)823/10നമ്പർ ത.സ്വ.ഭ.വ, തീയതി.11.3.10 | 16102500 | 5541226 | | 2638000 | | 2903226 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

2016-17 സാമ്പത്തികവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2006-07 | 3-3(9) | 3896 | ബേബി കുര്യാക്കോസ് | 11604102655 |
| 2007-08 | 3-1(3) | 464 | ആർ അനിൽകുമാർ | 11604102681 |
| 2007-08 | 3-1(8) | 660 | ടെറൻസ് ജെ.എൽ | 11604102757 |
| 2007-08 | 3-1(6) | 770 | അനി ലോറൻസ് | 11604102763 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72937260 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53356274 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4690289 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2584474 | ശ്രീമതി രശ്മി എസ്.കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 43740 | ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി |
| 3-3 | 10000 | ഡോ.കൃഷ്ണകുമാർ സി.ജെ., വെറ്ററിനറി സർജൻ |
| 3-6 | 100000 | ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി |
| 3-8 | 100000 | ഡോ.സന്തോഷ്കുമാർ, ഗവ.ഹോമിയോ ഡിസ്പെൻസറി, വാകത്താനം |
| 3-9-1 | 231250 | ഡോ.കൃഷ്ണകുമാർ സി.ജെ., വെറ്ററിനറി സർജൻ |
| 3-9-2 | 325000 | ശ്രീ.തോമസ് സെബാസ്റ്റ്യൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9-3 | 700000 | ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി |
| 3-9-4 | 50000 | ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി |
| 3-9-5 | 545825 | ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി |
| ആകെ | 4690289 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 97-98 ചെലവ് | എൽ.എഫ്.കെ.പി3/751/98/10.2.99/2.3.99 | 14 |
| 97-98ഡി. സി. ബി | എൽ.എഫ്.കെ.പി3/289/14/അദാ.14/ 31.3.14 | 5 |
| 98-99 ചെലവ് | എൽ.എഫ്.കെ.പി8/994/00/5.1.01/7.5.02 | 17 |
| 98-99ഡി. സി. ബി | എൽ.എഫ്.കെ.പി1/190/അദാ/22.2.11 | 1 |
| 99-00 | എൽ.എഫ്.കെ.പി 3/അദാ.2014(1) /31.5.14 | 6 |
| 00-01, 01-02<br>ജനകീയാസൂത്രണം | എൽ.എഫ്.കെ.പി3/അദാ.2014(3)/7.6.14 | 8 |
| 1.4.98-30.6.98<br>ജനകീയാസൂത്രണം<br>ചെലവ് | എൽ.എഫ്.കെ.പി8/462/00/16.11.02 | |
| 01-02 | എൽ.എഫ്.കെ.പി3/അദാ.2014(2)/31.5.14 | 2 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി8/22/05/1.4.05 | 14 |
| 02-03 ഡി. സി. ബി | എൽ.എഫ്.കെ.പി8/123/08/2.5.09/6.7.09 | 10 |
| 03-04 വരവ് | എൽ.എഫ്.കെ.പി8/124/08/29.12.09/8.3.10 | 5 |
| 04-05 | കെ.എസ്.എ-കെ.ടി.എം.പി3/762/അദാ./15<br>/15.12.15 | 1 |
| 05-06(വരവ്ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി3/763/അദാ./15/ | 12 |

| | | |
|---|---|---|
| | 15.12.15 | |
| 06-07 | കെ.എസ്.എ-കെ.ടി.എം.പി3/567/അദാ./15/ 15.12.15 | 8 |
| 07-08 | കെ.എസ്.എ-കെ.ടി.എം.പി3/688/അദാ./15/ 15.12.15 | 9 |
| 08-09 | കെ.എസ്.എ-കെ.ടി.എം.പി3/689/അദാ./15/ 15.12.15 | 2 |
| 09-10 | കെ.എസ്.എ-കെ.ടി.എം.പി3/690/അദാ./15/ 15.12.15 | 3 |
| 10-11 | കെ.എസ്.എ-കെ.ടി.എം.പി3/813/12/30.6.16 | 2 |
| 11-12 | കെ.എസ്.എ-കെ.ടി.എം.പി3/1201/13/30.3.16 | 4 |
| 12-13 | കെ.എസ്.എ-കെ.ടി.എം.പി3/1137/14/1.2.16 | 14 |
| 13-14 | കെ.എസ്.എ-കെ.ടി.എം.പി3/777/15/10.3.16 | 6 |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി3/957/16/11.07.16 | 1 |
| 15-16 | കെ.എസ്.എ-കെ.ടി.എം. പി3/1533/2016/ 26.10.16 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം.പി.10/1187/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0482564886

തീയതി 03.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിവിധ ഖണ്ഡികകളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം